# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.326 — 14.03.2017 ൽ മറുപടിയ്ക്ക്

## ആയുർവേദ മേഖലയുടെ വികസനം

| ചോദ്യം<br>ശ്രീ.കെ.ബാബു<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി.വീണ ജോർജ്ജ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | ആയുർവേദ മേഖലയുടെ സമഗ്ര വികസനത്തിനായി ഭാരതീയ ചികിത്സാ വകുപ്പിലും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലും ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>ഭാരതീയ ചികിത്സാ വകുപ്പ് - സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറികൾ നിലവിൽ ഇല്ലാത്ത നാല് പഞ്ചായത്തുകളിൽ കൂടി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതും, ജില്ലാ ആയുർവേദ ആശുപത്രികളെ ശക്തിപ്പെടുത്തുന്നതും പ്രഥമപരിഗണന നൽകി പരിശോധിച്ചുവരുന്നു.<br>വകുപ്പിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് -<br>ആയുർവേദത്തിന്റെ സമഗ്ര വികസനത്തിനും ഗവേഷണത്തിനും ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) കണ്ണൂരിൽ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത് പ്രവർത്തനം നടന്നുവരുന്നു.<br>മറ്റു പദ്ധതികൾ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തി ആയുർവേദ ഔഷധ രംഗത്തെ ഗവേഷണത്തിനായി നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളത്; | (ബി) | സംസ്ഥാനത്ത് ആയുർവേദ ഔഷധ രംഗത്തെ ഗവേഷണത്തിനായി നിലവിൽ ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം, ഗവണ്മെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ, വി.പി.എസ്.വി. ആയുർവേദ |

| | | | |
|---|---|---|---|
| | | | കോളേജ്, കോട്ടയ്ക്കൽ എന്നീ സ്ഥാപനങ്ങളെ പഠനകേന്ദ്രങ്ങളാക്കിയിട്ടുണ്ട്. മൃഗങ്ങളിലുള്ള മരുന്നുപ്രയോഗ പഠനത്തിനായി തൃശ്ശൂർ കൊരട്ടിയിലുള്ള കെയർ കേരളം എന്ന സ്ഥാപനത്തേയും അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ആയുർവേദ മരുന്നുകളുടെ പേരിൽ മാധ്യമങ്ങളിലൂടെയുള്ള പരസ്യം വഴിയും അല്ലാതെയും വ്യാജ ഉല്പന്നങ്ങൾ വിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഗുണനിലവാര പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | സി) | ഉണ്ട്. ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധനക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പിൻറെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിങ്ങ് ലാബിൽ ആയുർവേദ, സിദ്ധ, യുനാനിക്ക് മാത്രമായി ഒരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മൂന്ന് സ്ഥിര അനലിസ്റ്റുകൾ ഗുണനിലവാര പരിശോധന നടത്തുന്നു. കൂടാതെ കരാർ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്കീമിൽ (2014-15) 9 ജീവനക്കാരെ കൂടി നിയമിച്ച് ഗുണനിലവാര പരിശോധന നടത്തുന്നു. ഔഷധങ്ങളിലെ ഹെവിമെറ്റൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2015-16 കേന്ദ്ര സർക്കാർ സ്കീം പ്രകാരം Atomic Absorption Spectro Photometer എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. പൊളാരി മീറ്റർ എന്ന ഉപകരണം വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ ആയുഷിന്റെ അംഗീകാരത്തോടുകൂടി പൊതുജനങ്ങൾക്കും ഔഷധ നിർമ്മാതാക്കൾക്കും ഗുണനിലവാര പരിശോധന നടത്തുന്നതിലേക്കായി 5 ലാബുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിർമ്മിച്ച ഔഷധങ്ങളുടേയും അവയിൽ ചേർക്കാനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്കായി ഡ്രഗ്സ് ടെസ്റ്റിങ്ങ് ലാബിലേക്ക് അയക്കുകയും ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നു. ആയുർവേദ ഡ്രഗ്സ് കൺട്രോളർ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നയപരമായ നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## ആയുർവേദ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

### I. ഭാരതീയ ചികിത്സാ വകുപ്പ്

#### 1. ആയുഷ്യം, കരൾരോഗമുക്തി

ആയുർവേദ ചികിത്സയിലൂടെ ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആയുഷ്യം എന്ന പദ്ധതിയും, മദ്യപാനികളിൽ ഉണ്ടാകുന്ന കരൾ സംബന്ധമായ അസുഖം പരിഹരിക്കുന്നതിനായി കരൾ രോഗമുക്തി എന്ന പദ്ധതിയും 14 ജില്ലകളിലും നടപ്പിലാക്കിവരുന്നു.

#### 2. ബാലമുകുളം

സ്കൂൾ കുട്ടികളിൽ ഉണ്ടാകുന്ന അസുഖങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ബാലമുകുളം പ്രോജക്ട് പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

#### 3. ദൃഷ്ടി

സ്കൂൾ കുട്ടികളിൽ ഉണ്ടാകുന്ന കാഴ്ച വൈകല്യം പരിഹരിക്കുന്നതിനായി ദൃഷ്ടി എന്ന പദ്ധതി ഇടുക്കി, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

#### 4. ജീവനി

ടൈപ്പ് 2 ഡയബറ്റിക്സ് രോഗ നിർണ്ണയവും അത് മൂലമുണ്ടാകുന്ന അസുഖങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുകയും ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുക എന്നുള്ള ലക്ഷ്യത്തോടെ ജീവനി എന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

#### 5. കൗമാരഭൃത്യം

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 2016-17 സാമ്പത്തിക വർഷം മുതൽ 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ശിശുക്കളുടെ പരിചരണത്തിനും സംരക്ഷണത്തിനും വേണ്ടി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

#### 6. പ്രസൂതിതന്ത്ര

ആയുർവേദ ചികിത്സയിലൂടെ ഗർഭിണികൾക്ക് സംരക്ഷണവും പരിചരണവും നൽകുക എന്ന ലക്ഷ്യത്തോടെ 2016-17 സാമ്പത്തിക വർഷം മുതൽ 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു.

7. പുനർന്നവ

പക്ഷാഘാതം മൂലമുണ്ടാകുന്ന അസുഖങ്ങൾ നേരിടുന്ന രോഗികളുടെ പുനരുജ്ജീവനം ആയുർവേദ ചികിത്സയിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

8. ഋതു

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള കൊല്ലം, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിലെ കൗമാരക്കാരായ പെൺകുട്ടികളിൽ ആർത്തവ സംബന്ധമായ അസുഖങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവ ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

9. സ്നേഹധാര

അശരണരും നിരാലംബരുമായ കിടപ്പുരോഗികൾക്ക് അവരുടെ വീടുകളിൽചെന്ന് സാന്ത്വനവും പരിചരണവും ഔഷധങ്ങളും ആയുർവേദ ചികിത്സാ രീതിയിൽ എത്തിക്കുവാനുള്ള പദ്ധതി തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

10. സ്പോർട്സ് യൂണിറ്റ്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിനുള്ള ഗവേഷണശാല നിർമ്മിക്കുന്നതിനും സ്പോർട്സ് താരങ്ങൾക്ക് ആയുർവേദ ചികിത്സയിലൂടെ നല്ല രീതിയിൽ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി. തൃശ്ശൂർ ജില്ലയിൽ ഘട്ടംഘട്ടമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഏഷ്യയിലെ ആദ്യത്തെ സംരംഭമായ സ്പോർട്സ് ആയുർവേദ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

11. യോഗ യൂണിറ്റ്

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ സമൂഹത്തിൽ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും വ്യായാമക്കുറവുകൾ കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും യോഗയിലൂടെ പരിഹരിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ളതാണ് യോഗ യൂണിറ്റുകൾ.

12.കൗമാരസ്ഥൗല്യം

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള ടി പദ്ധതി കുട്ടികളിലെ അമിതവണ്ണം കുറയ്ക്കുന്നതിനും അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള ചികിത്സാ പദ്ധതിയാണ്.

13. <u>ക്ഷാരസൂത്ര</u>

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ രോഗികകൾക്കുണ്ടാകുന്ന ഗുദാർശസ്, ഫിസ്റ്റുല മുതലായ അസുഖങ്ങളെ ആയുർവേദ ചികിത്സയിലൂടെ ചികിത്സിച്ച് ഭേദമാക്കുന്ന ഒരു ആയുർവേദ ചികിത്സാ പദ്ധതിയാണ് ക്ഷാരസൂത്ര.

14. <u>ക്ഷേമജനനി</u>

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലകളിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആയുർവേദ ഗർഭിണി സംരക്ഷണം, ശിശു പരിപാലനം എന്നീ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

15. <u>മാനസിക യൂണിറ്റ്</u>

സമൂഹത്തിൽ നേരിടുന്ന മാനസികപരമായ ആരോഗ്യപ്രശ്നങ്ങൾ ആയുർവേദ ചികിത്സയിലൂടെ ഭേദമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

16. <u>പഞ്ചകർമ്മ</u>

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുള്ളതാണ് പഞ്ചകർമ്മ യൂണിറ്റ്.

17. <u>പ്രസാദം</u>

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികളിലെ വിളർച്ചാ രോഗങ്ങളും അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

18. <u>വൃദ്ധജന പരിപാലന യൂണിറ്റ്</u>

നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

19. <u>സിക്കിൾ സെൽ</u>

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ ആദിവാസി മേഖലകളിലും മറ്റ് സ്ഥലങ്ങളിലും കണ്ട് വരുന്ന സിക്കിൾ സെൽ അനീമിയ രോഗം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

20. <u>നിർവിഷ</u>

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ഏരിയായിൽ രോഗബാധിതരായ റീ പ്രൊഡക്ടീവ് ഏജ് ഗ്രൂപ്പുകാരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

## II. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

### 1. ആയുർവേദ ഗൈനക്കോളജിയും, ഭിന്നശേഷിയുള്ള കുട്ടികളുടെ പരിപാലനവും

പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഏകദേശം 110 രോഗികളെ ചികിത്സിക്കാൻ ആവശ്യമായ ഐ.പി., ഒ.പി. സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള കുട്ടികളെ ഇവിടെ ചികിത്സിക്കുന്നു. മെഡിക്കൽ ക്യാമ്പുകളിൽ പ്രത്യേക സ്ക്രീനിംഗ് നടത്തി ഭിന്നശേഷിയുള്ള കുട്ടികളെ ഇതിൽ നിന്നും കണ്ടെത്തുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായം കൂടി ഇതിനായി വിനിയോഗിക്കുന്നുണ്ട്. ഈ കുട്ടികൾക്ക് ആവശ്യമായ ഔഷധങ്ങൾ ഔഷധിയിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.

### 2. പ്രത്യേക വയോജന ചികിത്സാകേന്ദ്രം

പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ വയോജന ചികിത്സയ്ക്കായി ഒ.പി., ഐ.പി. സൗകര്യങ്ങൾ ലഭ്യമാണ്. ഇവിടെ വയോജനങ്ങൾക്ക് പ്രത്യേക പേവാർഡ് സജ്ജീകരിച്ചിട്ടുണ്ട്. ഔഷധിയിൽ നിന്നും തിരു: ഗവ: ആയുർവേദ കോളേജ് ആശുപത്രിയിൽ നിന്നും ഇവിടത്തെ രോഗികൾക്ക് ആവശ്യമായ ഔഷധങ്ങൾ നല്കി വരുന്നുണ്ട്. മാത്രവുമല്ല കേരള സർക്കാറിന്റെ പ്രത്യേക പദ്ധതിപ്രകാരം പുതിയ ഒരു ഒ.പി., ഐ.പി. കെട്ടിട സമുച്ചയം പണിയുന്നതിനായി ആവശ്യമായ തുക പി.ഡബ്ലിയു.ഡി.ക്ക് കൈമാറിയിട്ടുണ്ട്.

### 3.കേരളത്തിലെ പരമ്പരാഗത അറിവുകളുടെ കണ്ടെത്തലും സംരക്ഷണവും (ട്രെഡീഷണൽ നോളഡ്ജ് ഇന്നവേഷൻ കേരള)

നാശോന്മുഖമായി ക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ പരമ്പരാഗത വൈദ്യവിജ്ഞാനം കണ്ടെത്തി ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുകയും അതിന് ബൗദ്ധികസ്വത്തവകാശ സംരക്ഷണം നല്കുകയും ചെയ്യുന്നതിനായി

സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുവരെ ഇപ്രകാരം ക ണ്ടെത്തിയ അറിവുകൾ അടിസ്ഥാനമാക്കി കേരളീയ ഔഷധവിജ്ഞാനം സീരിസിൽ 11 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിനായി കേന്ദ്ര ഇൻഡസ്ട്രിയിൽ പോളിസി & പ്രൊമോഷൻ വകുപ്പുമായി ചേർന്നുകൊണ്ട് പേറ്റന്റ് ഓഫീസുമായി ടി.കെ.ഐ.കെ. ഡാറ്റാബേസ് ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. ടെലിമെഡിസിൻ & വീഡിയോ കോൺഫറൻസിംഗ് സംവിധാനം

കേരളത്തിലെ സർക്കാർ& എയ്ഡഡ് ആയുർവേദ കോളേജുകളിൽ ഇദംപ്രഥമമായി പഠന, ചികിത്സ ഗവേഷണ നിലവാരം ഉയർത്തുന്നതിനായി വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും തൊഴിൽ നൈപുണ്യം സിദ്ധിക്കുന്നതിനാവശ്യമായ വീഡിയോ കോൺഫറൻസ് കം ടെലിമെഡിസിൻ സംവിധാനം സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 2017 ഏപ്രിൽ ആദ്യവാരത്തോടെ ഇതിന്റെ പ്രവർത്തനം തുടങ്ങും.

5. യോഗ നാച്ചുറോപ്പതി കോഴ്സുകളുടെ ആരംഭം

ആയുർവേദ കോളേജ് ആശുപത്രികളിലും ഭാരതീയ ചികിത്സാവിഭാഗത്തിന്റെ ആശുപത്രികളിലും യോഗ നാച്ചുറോപ്പതി ചികിത്സ ശാസ്ത്രീയമായി നല്കുന്നതിനായി ഈ വിഷയത്തിൽ വിദഗ്ദ്ധരായ ആയുർവേദ ഡോക്ടർമാരെ ഇതിനകം നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദരെ വാർത്തെടുക്കേണ്ടതുണ്ട്. ഇതിനായി തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിൽ 1 വർഷം ദൈർഘ്യമുള്ള യോഗനാച്ചുറോപ്പതി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ